ഇറയം
റിസർച്ച് ജേർണൽ
January - April 2022 Volume VI Issue 1

# മലയാളിയുടെ രാത്രികൾ - വായനയിൽ തെളിയുന്ന ചിന്തകൾ

**ഡോ. ഉഷ.പി**

പ്രശസ്ത നിരൂപകനും പത്രപ്രവർത്തകനുമായ കെ.സി. നാരായണന്റെ ശ്രദ്ധേയങ്ങളായ മൂന്നു പുസ്തകങ്ങളാണ് ബലിയപാലിന്റെ പാഠങ്ങൾ (1990), മലയാളിയുടെ രാത്രികൾ (2001), മഹാഭാരതം ഒരു സ്വതന്ത്രസോഫ്റ്റ് വെയർ (2021) എന്നിവ. പ്രകൃതിക്കുമേൽ മനുഷ്യസമൂഹം നടത്തിയ ആപത്കരമായ അധിനിവേശശ്രമങ്ങളുടെ തിക്തഫലങ്ങളെന്താണെന്ന് കൃത്യമായി വിശദീകരിക്കുന്ന പാരിസ്ഥിതിക പ്രാധാന്യമുള്ള കൃതിയാണ് 'ബലിയപാലിന്റെ പാഠങ്ങൾ.' മഹാഭാരതത്തിന്റെ ആഖ്യാനപരമായ സവിശേഷതകളെയും കഥാപാത്രങ്ങളിലൂടെയും കഥാസന്ദർഭങ്ങളിലൂടെയും പ്രകാശിതമായ ധാർമികവും സാംസ്കാരികവുമായ സമസ്യകളെയും സംസ്കാരവിമർശനത്തിന്റെ കാഴ്ചപ്പാടിലൂടെ പുനർവായനയ്ക്കു വിധേയമാക്കുന്ന പഠനഗ്രന്ഥമാണ് 'മഹാഭാരതം ഒരു സ്വതന്ത്ര സോഫ്റ്റ്‌വെയർ' എന്ന കൃതി. ധർമം, അധർമം എന്നീ ദ്വന്ദ്വപരികല്പനകളുടെ സഹായത്തോടെ മഹാഭാരതത്തിലുൾച്ചേർന്ന നൈതികപ്രശ്നങ്ങളെ വിലയിരുത്തുന്ന പൂർവപഠനങ്ങൾ അപൂർണ്ണമാണ് എന്ന ഉത്തമബോധ്യത്തോടെയാണ് കെ.സി നാരായണൻ ഈ കൃതി രചിച്ചിട്ടുള്ളത്. മഹാഭാരതത്തിലുടനീളം ദൃശ്യമാവുന്ന ശോകത്തിന്റെയും സംഹാരത്തിന്റെയും ഭാവനകളെ മനുഷ്യസംസ്കൃതിയുടെ സങ്കീർണതകളുമായി ചേർത്തുവെച്ച് പഠിക്കുവാനാണ് ഈ കൃതിയിലൂടെ അദ്ദേഹം ശ്രമിച്ചത്. മഹാഭാരതത്തിന്റെ വ്യത്യസ്തവ്യാഖ്യാനങ്ങളെ അംഗീകരിക്കുന്ന ജനാധിപത്യപരമായ സമീപനമാണ് ഗ്രന്ഥകാരൻ ഉയർത്തിപ്പിടിക്കുന്നത്. ഓരോ ഉത്തരത്തിലും ഒരായിരം ചോദ്യങ്ങൾ ഒളിപ്പിച്ചുവെച്ചാണ് വ്യാസൻ മഹാഭാരതം രചിച്ചിരിക്കുന്നതെന്നും ഓരോ വായനയും ഒരു നൂറ് പുനർവായനയുടെ വാതിലാണ് തുറന്നിടുന്നതെന്നും അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. വ്യാസന്റെ അക്ഷരങ്ങളേക്കാൾ അദ്ദേഹം പല സന്ദർഭങ്ങളിലും പ്രകടിപ്പിച്ച മൗനത്തിന്റെ വ്യാഖ്യാനത്തിനാണ് കെ.സി. നാരായണൻ തുനിയുന്നത്.

സാഹിത്യവിമർശകനെന്നനിലയിൽ കെ.സി നാരായണന്റെ സ്ഥാനം അരക്കിട്ടുറപ്പിച്ചത് 'മലയാളിയുടെ രാത്രികൾ' എന്ന വിമർശനഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തോടെയാണ്. 1981 മുതൽ 1999 വരെയുള്ള കാലയളവിൽ വെളിച്ചം കണ്ട ഒൻപതു മികച്ച ലേഖനങ്ങളുടെ സമാഹാരമാണ് ഈ പുസ്തകം. 2001ൽ പ്രകാശിതമായ ഈ കൃതിക്ക് 2003 ൽ മികച്ച നിരൂപണ-പഠന സാഹിത്യത്തിനുള്ള കേരളസാഹിത്യഅക്കാദമി പുരസ്കാരം ലഭിച്ചു. സാഹിത്യകൃതികളെയും കലാരൂപങ്ങളെയും മലയാളി സമൂഹത്തിന്റെ മാനസികതലവുമായി ചേർത്തുവെച്ച് അപഗ്രഥിച്ചതിന്റെ സത്ഫലമാണ് ഈ കൃതി എന്ന് നിസ്സംശയം പറയാം. സംസ്കാരവിമർശനത്തിന്റെയും കലാവിമർശനത്തിന്റെയും തലങ്ങളിലേക്ക് ആസ്വാദകരെയും പഠിതാക്കളെയും ശരിയായ രീതിയിൽ നയിക്കാൻ കഴിയുന്നവയാണ് ഈ ഒൻപതു ലേഖനങ്ങളും. സാമ്പ്രദായികവിമർശനത്തിന്റെ പരിമിതികളിൽനിന്ന് തികച്ചും മുക്തമാണ് ഇവ എന്നതും എടുത്തുപറയേണ്ട വസ്തുതയാണ്.

മണ്ണ്, വേരുണങ്ങാത്ത വാക്ക്, പിയുടെ പില്ക്കാലം, സഹ്യനെക്കാൾ തലപ്പൊക്കം, ഓർമയും മറവിയും, വൃക്ഷവും പുകയും, മലയാളിയുടെ രാത്രികൾ, താളത്തിന്റെ ഗോപുരങ്ങൾ, കറുത്ത ചെട്ടിച്ചികൾ എന്നീ ഈടുറ്റ ലേഖനങ്ങൾ സൂക്ഷ്മപഠനം ആവശ്യപ്പെടുന്നുണ്ട്. നിരൂപകന്റെ തെളിഞ്ഞ സഹൃദയത്വത്തിനും വിപുലമായ ഭാവുകത്വത്തിനും കലാ സാംസ്കാരികമേഖലകളിലാർജ്ജിച്ച തികഞ്ഞ പാണ്ഡിത്യത്തിനും നേർമാതൃകകളാണ് ഈ ലേഖനങ്ങൾ. പരമ്പരാഗതമായ സാഹിത്യാനുശീലനത്തിന്റെ ഫലമായി രൂപംകൊണ്ട ശക്തമായ ചിന്തകളെ പുതിയ കാലമാവശ്യപ്പെടുന്ന സ്വതന്ത്രമായ ഭാവുകത്വത്തോട് അന്വയിച്ചാവിഷ്കരിക്കുന്ന സവിശേഷമായ നിലപാടാണ് ഈ ലേഖനങ്ങളിൽ കാണാൻ കഴിയുന്നത്. യാഥാസ്ഥിതിക വീക്ഷണങ്ങളെയും പഴഞ്ചൻ സങ്കല്പനങ്ങളെയും തള്ളിക്കളഞ്ഞുകൊണ്ട് കലാസാഹിത്യമണ്ഡലങ്ങളിൽ പ്രകടമാവുന്ന വൈവിധ്യങ്ങളെയും വൈരുദ്ധ്യങ്ങളെയും സമാനഭാവങ്ങളെയും കണ്ടെടുത്ത് അവതരിപ്പിക്കുന്ന രീതിയാണ് പ്രായേണ കെ.സി. നാരായണൻ സ്വീകരിച്ചിട്ടുള്ളത്. മലയാളവിമർശനചരിത്രത്തിൽ ഈ വഴിയിലൂടെ സഞ്ചരിച്ചിട്ടുള്ള വിമർശകർ താരതമ്യേന കുറവാണ്. കേസരി ബാലകൃഷ്ണപിള്ള, കുട്ടികൃഷ്ണമാരാർ, എം.പി ശങ്കുണ്ണിനായർ, ഡോ. കെ. അയ്യപ്പപ്പണിക്കർ, സി.ജെ.തോമസ്, ഡോ. ടി.പി. സുകുമാരൻ, ഡോ. ആർ. വിശ്വനാഥൻ, മുതലായ മികച്ച വിമർശകർ ഈ വഴിയിലൂടെ

ബഹുദൂരം സഞ്ചരിച്ചിട്ടുണ്ട്. ഇവർ പല കാലങ്ങളിലായി, പല നിലകളിൽ വികസിപ്പിച്ചെടുത്ത സംസ്കാര പഠനപദ്ധതികളെ സൂക്ഷ്മമായി സ്വാംശീകരിച്ചുകൊണ്ടാണ് ഈ വിമർശകൻ തന്റെ കലാസാഹിത്യവിചാരങ്ങളെ രേഖപ്പെടുത്തിയിട്ടുള്ളത്.

കലാസാഹിത്യമേഖലകളെ അവയുടെ സാംസ്കാരികസ്വത്വത്തിന്റെ പൊരുളറിഞ്ഞു വിശകലനംചെയ്യാൻ സിദ്ധാന്തപരിചയം അത്യന്താപേക്ഷിതമാണെന്ന് കെ.സി. നാരായണൻ ഉറച്ചുവിശ്വസിക്കുന്നുണ്ട്. പഴയതും പുതിയതുമായ സിദ്ധാന്തങ്ങളുമായി നിരന്തരം സംവദിക്കുവാനുള്ള ബുദ്ധിയും മനസ്സും ഈ നിരൂപകനുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. സിദ്ധാന്ത പരികല്പനകളും സംജ്ഞകളും അമിതപ്രാധാന്യത്തോടെ വിമർശനപാഠങ്ങളിൽ ഉൾക്കൊള്ളിക്കുന്നത് അനാശാസ്യകരമായ പ്രവണതയാണെന്ന നിലപാട് അദ്ദേഹം കൈക്കൊള്ളുന്നുണ്ട്. ആസ്വാദനസംസ്കാരത്തെ ദുർബലമാക്കുന്ന എല്ലാ ഘടകങ്ങളെയും വിമർശന സമ്പ്രദായങ്ങളെയും അദ്ദേഹം അകറ്റിനിർത്തി. സൗന്ദര്യാത്മകവിമർശനത്തിന്റെയും സാമൂഹ്യശാസ്ത്രവിമർശനത്തിന്റെയും ആധുനികവിമർശനത്തിന്റെയുമെല്ലാം പരിമിതികൾ കൃത്യമായി തിരിച്ചറിഞ്ഞതിന്റെ ലക്ഷണങ്ങൾ ഈ ലേഖനങ്ങളിൽനിന്ന് കണ്ടെത്താനാവും. ഉത്തരാധുനിക വിമർശനത്തിന്റെ മണ്ഡലത്തിൽ പ്രകടമായി കണ്ട കേവലസ്വത്വകേന്ദ്രിതമായ സമീപനരീതിയുടെ വൈകല്യങ്ങളും ഇദ്ദേഹത്തിന്റെ ലേഖനങ്ങളിൽ കടന്നുകൂടിയിട്ടില്ല. വിമർശകന്റെ അതിവിപുലമായ ഗ്രന്ഥപരിചയവും നിരന്തരമായ കലാസ്വാദനത്തിലൂടെ ലഭ്യമായിട്ടുള്ള സാംസ്കാരികാഭ്യുന്നതിയും ഈ പുസ്തകത്തിലുടനീളം അനുഭവവേദ്യമാകുന്നുണ്ട്. ആരോഗ്യകരമായ സമനിലയും സംവാദോന്മുഖമായ തുറന്ന ഘടനയും കെ.സി നാരായണന്റെ പഠനങ്ങളെ മികവുറ്റതാക്കിത്തീർക്കുന്ന മുഖ്യഘടകങ്ങളാണ്.

ഉപരിതലവായന അത്യന്തം ഹാനികരമാണെന്ന് മലയാളികളായ വായനക്കാരെ പരോക്ഷമായി ഓർമ്മപ്പെടുത്തുന്ന ഗ്രന്ഥമാണ് മലയാളിയുടെ രാത്രികൾ. മലയാള സാഹിത്യവിമർശനവും കലാവിമർശനവും മാറിമാറിവരുന്ന പുതിയ പ്രവണതകളെ സ്വീകരിക്കുന്നതിലുള്ള ആഹ്ലാദം ഈ പുസ്തകത്തിലെ ലേഖനങ്ങളിൽ തെളിഞ്ഞു കാണാനാവും. ഭാവുകത്വം എന്നത് നിരന്തരം പരിണമിച്ചുകൊണ്ടിരിക്കുന്ന ഒന്നാണെന്ന് ഇദ്ദേഹം ഉറച്ചുവിശ്വസിക്കുന്നു. ദേശസംസ്കൃതിയിലും സാഹിത്യസമാലോചനകളിലും ഊന്നിനിന്നുകൊണ്ടുള്ള ചിന്തകൾ മലയാളവിമർശനമണ്ഡലത്തിൽ വേണ്ടവിധം

പ്രത്യക്ഷപ്പെടുന്നില്ല എന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്. ഈ കുറവ് പരിഹരിക്കുക എന്ന സദുദ്ദേശ്യത്തോടെയാണ് കെ.സി. നാരായണൻ കലാസാഹിത്യപഠനങ്ങൾ എഴുതിവരുന്നത്. സാഹിത്യ-കലാ കേന്ദ്രിതമായ പഠനങ്ങൾ നിരന്തരം എഴുതുകയും അവ പ്രസിദ്ധീകരിക്കുകയും ചെയ്ത് സംസ്കാരപഠിതാക്കളുടെയിടയിൽ ശ്രദ്ധേയസാന്നിദ്ധ്യമാവുക എന്ന പൊതുരീതിയിൽ നിന്നും മാറി നിലകൊള്ളുന്ന നിരൂപകൻ കൂടിയാണ് കെ.സി. നാരായണൻ.

പ്രശസ്ത നോവലിസ്റ്റും ചെറുകഥാകൃത്തുമായ ആനന്ദിന്റെ ശില്പകലാവൈദഗ്ധ്യത്തെ സൂക്ഷ്മമായി തുറന്നുകാട്ടുന്ന ഒന്നാണ് ഈ പുസ്തകത്തിലെ ആദ്യലേഖനമായ 'മണ്ണ്' (1981). ആനന്ദിന്റെ വിഖ്യാതങ്ങളായ നോവലുകളെയും ചെറുകഥകളെയും അധികരിച്ച് നിരവധി പഠനങ്ങൾ മലയാളത്തിലുണ്ടായിട്ടുണ്ടെങ്കിലും ശില്പി എന്ന നിലയിൽ ആനന്ദിന്റെ സർഗാത്മകതയെ അടയാളപ്പെടുത്തുന്ന ശ്രദ്ധേയമായ പഠനങ്ങളുണ്ടായിട്ടില്ല. ഈ കുറവ് നികത്തുന്ന മികച്ച ലേഖനമാണ് 'മണ്ണ്'. ആനന്ദിന്റെ ശില്പങ്ങളുടെ സവിശേഷതകൾ ഇതിൽ കൃത്യമായി വിവരിക്കുന്നുണ്ട്. "വാക്കുകൾകൊണ്ടും മണ്ണുകൊണ്ടും പണിയെടുക്കുന്ന ഒരസാധാരണശില്പിയാണ് ആനന്ദ്. കളിമണ്ണിൽ അദ്ദേഹം രചിച്ച ശില്പങ്ങൾക്ക് വലിപ്പമോ ഗാംഭീര്യമോ അല്ല, അസാധാരണമായ ചെറുപ്പമാണ് ഉള്ളത്. പുരാവസ്തുകാരൻ മണ്ണിൽനിന്നു കുഴിച്ചെടുക്കുന്ന മുദ്രകൾപോലെ അത്രയും ചെറുത്"1. ഈ നിരീക്ഷണത്തോടെ ആരംഭിക്കുന്ന പഠനം ശില്പകലയുടെ സൗന്ദര്യശാസ്ത്രം കൃത്യമായി അറിഞ്ഞ ഒരു നിരൂപകനിൽ നിന്നുമാത്രമേ ജന്മമെടുക്കൂ. 1971 ൽ ആനന്ദ് മെനഞ്ഞെടുത്ത 'സബ്മിഷൻ' എന്ന ശില്പം നിർമ്മിക്കുവാൻ ഇടയായ സാമൂഹികവും സാംസ്കാരികവുമായ ജീവിതസാഹചര്യം കൃത്യമായി വിവരിക്കുന്നുണ്ട് കെ.സി. നാരായണൻ. ആനന്ദിന്റെ സാഹിത്യകലയുടെയും ശില്പകലയുടെയും പരസ്പരാശ്രിതമായ ഘടകങ്ങളെ ശരിയായരീതിയിൽ അദ്ദേഹം ചേർത്തു പഠിക്കുന്നുമുണ്ട്. അമൂർത്തമായ ഭാവങ്ങളുൾക്കൊള്ളുന്ന ശില്പങ്ങളെയും അക്കാലത്ത് ആനന്ദെഴുതിയ കഥകളെയും ചേർത്തുനിർത്തിക്കൊണ്ട് 'സബ്മിഷൻ' എന്ന ശില്പത്തെക്കുറിച്ച് കെ.സി. നാരായണൻ നടത്തുന്ന നിരീക്ഷണം പുതുമയാർന്നതാണ്. "അന്തിമമായ കീഴടങ്ങലിന്റെയും ഉപാധിയില്ലാത്ത വിധേയത്വത്തിന്റെയും ദീനമായ മുഹൂർത്തമാണ് ആ ശില്പം. കുനിഞ്ഞുകിടക്കുന്ന ഒരാൾരൂപത്തിന്റെ അമൂർത്തീകരണമാണത്. കുനിഞ്ഞു കുനിഞ്ഞു

കാൽമുട്ടുകളും മുഖവും ഒന്നായിപോയിരിക്കുന്നു. നട്ടെല്ല് വില്ലുപോലെ വളഞ്ഞിരിക്കുന്നു; വിഗ്രഹത്തിന്റെ കാൽ കെട്ടിപ്പിടിച്ച് നിലവിളിക്കുന്ന നിസ്സഹായമായ ബലിമൃഗത്തെപ്പോലെ. അധികാരത്തിന്റെയും അടക്കിവാഴ്ചയുടെയും ഓരോ പുതിയ ചവിട്ടും മുതുകിലേൽക്കുമ്പോൾ ആ മൃഗത്തിന്റെ നിശ്ശബ്ദമായ നിമന്ത്രണം ഒന്നുമാത്രം. കുനിയുക, ഇനിയും കുനിയുക"2 ആനന്ദിന്റെ പട്ടാളജീവിതാനുഭവവും നഗരജീവിതാനുഭവവും ഗംഗാതടത്തിലെ ചരിത്രമുറങ്ങുന്ന മണ്ണിലൂടെയുള്ള യാത്രാനുഭവവും സർഗ്ഗജീവിതത്തിൽ ചെലുത്തിയ സ്വാധീനത നന്നായി വിശദീകരിക്കുന്നുണ്ട് കെ.സി. നാരയണൻ. ആൾക്കൂട്ടം, അവശിഷ്ടങ്ങൾ, വാടകവീട്, അഭയാർത്ഥികൾ, കുഴി, കൊട്ടുമുടി, ഇര എന്നീ രചനകളെ മുൻനിർത്തിയാണ് ഈ വിശദീകരണം സാധിച്ചെടുക്കുന്നത്. ആൾക്കൂട്ടം ആനന്ദിന്റെ സർഗലോകത്ത് പ്രത്യാവർത്തിരൂപകമായി പ്രത്യക്ഷപ്പെടുന്നതായി 'ദ കൺഫ്രൻടേഷൻ: മഹാത്മാ ആൻഡ് ദി ക്രൗഡ്' എന്ന ശില്പത്തെ മുൻനിർത്തി അദ്ദേഹം വിശദീകരിക്കുന്നുണ്ട്. "അയുക്തികത, ഭ്രാന്തി, സമൂഹബന്ധങ്ങളുടെ കെട്ടുചിതറൽ, വ്യക്തിത്വത്തിന്റെ നാശം എന്നിവയെ സൂചിപ്പിക്കുന്ന ഈ ആൾക്കൂട്ടം ഇന്ന് എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും എടുത്തുപയോഗിക്കുന്നതും പോറ്റിവളർത്തുന്നതുമായ അസംസ്കൃത വസ്തുക്കളിലൊന്നാണ്. ഒരു മഹാത്മാവിനെയും ഒരു മനുഷ്യസ്നേഹിയെയും വെറുതെവിടാത്ത ഈ ആൾക്കൂട്ട മനസ്സിനെക്കുറിച്ചുള്ള ഭയോത്കണ്ഠകളാണ് ഈ ശില്പത്തെ നിർമിച്ചിട്ടുള്ളത്."3 ആനന്ദിന്റെ ശില്പകലയിൽ ഉൾച്ചേർന്ന ഭാവനയുടെ സവിശേഷതകളിലേക്കും ശിഥിലബിംബസമൃദ്ധമായ ഘടനയിലേക്കും അപമാനവീകരണചിത്രണരീതിയിലേക്കും ഒരേസമയം ചെന്നെത്തുന്ന സാംസ്കാരികനിരീക്ഷണമാണിത്. 'ഫോസിൽസ്ലേവ്' എന്ന ശില്പത്തിലെ വെടിയുണ്ടയുടെയും ഗ്രനേഡിന്റെയും സൂര്യക്ഷേത്രമുദ്രയുടെയും ധർമചക്രത്തിന്റെയും പ്രാധാന്യമെന്തെന്ന് സൂചിപ്പിച്ചശേഷം പീഡിതമനുഷ്യന്റെ പ്രതീകാത്മകമായ ശില്പമായി അതിനെ അടയാളപ്പെടുത്തുന്ന രീതിയും നിരൂപകൻ എടുത്തു കാട്ടുന്നുണ്ട്. ബുദ്ധരൂപവും ക്രിസ്തുരൂപവും യാതനയുടെയും കുരിശാരോഹണത്തിന്റെയും നിരന്തരപീഡകളിൽപെടുന്നതും ബുദ്ധരൂപം ക്രിസ്തുവിന്റെ രൂപാന്തരമാവുന്നതും കെ.സി നാരായണൻ കാണിച്ചുതരുന്നുണ്ട്. ആനന്ദിന്റെ ശില്പകലയിലും എഴുത്തിലും മണ്ണ് നിത്യസാന്നിധ്യമാർന്ന രൂപകമാണെന്ന കാഴ്ചപ്പാട് ഏറെ ചിന്തയ്ക്ക് വക നൽകുന്നുണ്ട്. മനുഷ്യചരിത്രവും മണ്ണും തമ്മിലുള്ള ബന്ധവും പുരാവസ്തുശാസ്ത്രത്തോട് ആനന്ദ് പ്രകടിപ്പിക്കുന്ന താത്പര്യവും മറ്റും വിശദമായി

അപഗ്രഥിക്കുന്ന ഈ ലേഖനം കലാവിമർശനത്തിന്റെയും സാഹിത്യവിമർശനത്തിന്റെയും അതിർത്തികൾ മായ്ച്ചുകളയുന്ന സാംസ്കാരികവിശദീകരണമായി മാറുന്നുണ്ട്.

ഡിസി ബുക്സ് പ്രസിദ്ധീകരിച്ച 'വി.ടിയുടെ സമ്പൂർണകൃതികൾ' എന്ന പുസ്തകത്തിന് കെ.സി നാരായണൻ എഴുതിയ ദീർഘമായ അവതാരിക ഏറെ ശ്രദ്ധേയമാണ്. 'വേരുണങ്ങാത്ത വാക്ക്' എന്ന തലക്കെട്ടോടെ വന്ന ഈ അവതാരികയാണ് 'മലയാളിയുടെ രാത്രികൾ' എന്ന പുസ്തകത്തിലെ രണ്ടാമത്തെ ലേഖനം. വി.ടിയുടെ പ്രാധാന്യം ഇത്രത്തോളം സൂക്ഷ്മമായി വിളംബരം ചെയ്യുന്ന അധികം പഠനങ്ങൾ മലയാളത്തിൽ ഉണ്ടായിട്ടില്ല. ലേഖനം ആരംഭിക്കുന്നത് ഇങ്ങനെയാണ്. "കേരളത്തിൽ സ്ത്രീയുടെ ചരിത്രം എഴുതുമ്പോൾ ഏറ്റവും പ്രധാനിയായി വരുന്ന പുരുഷനാകുന്നു വി.ടി. കാരണം, അദ്ദേഹം സ്ത്രീയെ സ്നേഹിച്ചു; സ്ത്രീയോടു സംവദിച്ചു; സ്ത്രീയുടെ വിടുതിക്കായി പ്രവർത്തിക്കുകയും ചെയ്തു."4 കേരളീയ നവോത്ഥാനത്തിന്റെ സൂക്ഷ്മചരിത്രമറിഞ്ഞ നിരൂപകനാണ് കെ.സി നാരായണൻ എന്നു വ്യക്തമാക്കുന്ന വാക്യങ്ങളാണിവ. പുരുഷന്റെ നേതൃത്വത്തിൽ നടന്ന സ്ത്രീവിമോചനപ്രസ്ഥാനമെന്നാണ് അദ്ദേഹം വി.ടിയുടെ നവോത്ഥാനപ്രസ്ഥാനത്തെ വിശേഷിപ്പിക്കുന്നത്. കുറിയേടത്തു താത്രി നേരിട്ട സ്മാർത്തവിചാരവും ഭ്രഷ്ടും വിശദമായിത്തന്നെ നിരൂപകൻ വിലയിരുത്തിയിട്ടുണ്ട്. നമ്പൂതിരി സമുദായത്തിൽ നടമാടിയ അനാചാരങ്ങളെ വിശേഷിച്ച് സ്ത്രീകൾക്കെതിരെ അരങ്ങേറിയ ദുരാചാരങ്ങളെ ഒന്നൊന്നായി സൂചിപ്പിച്ചശേഷമാണ് കെ.സി. നാരായണൻ വി.ടി. ഭട്ടതിരിപ്പാടിന്റെ നവോത്ഥാനപരിശ്രമങ്ങളെ വിശദീകരിക്കുന്നത്. വി.ടിയുടെ മനുഷ്യനിർമാണയജ്ഞം, സ്ത്രീ വിമോചനത്തിനായുള്ള പരിശ്രമങ്ങൾ, അനാചാരങ്ങൾക്കെതിരായ നിലപാടുകൾ, സ്വസമുദായത്തിലെ അനീതികൾക്കെതിരായ കലാപശ്രമങ്ങൾ ഇവയൊക്കെ ചരിത്രപരമായ സത്യസന്ധതയോടെയും വസ്തുനിഷ്ഠമായും തെളിമയോടെ വിവരിക്കുന്ന ലേഖനം കൂടിയാണ് 'വേരുണങ്ങാത്ത വാക്ക്'. വി.ടിയുടെ 'രജനീരംഗം' എന്ന ചെറുകഥാ സമാഹാരത്തിന്റെ പ്രമേയപരവും ഭാഷാപരവും സാംസ്കാരികവുമായ വിലയിരുത്തലിനും നിരൂപകൻ ഇവിടെ ശ്രമിച്ചിട്ടുണ്ട്. വി.ടിയുടെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന വിഖ്യാതനാടകത്തെയും അദ്ദേഹത്തിന്റെ ഈടുറ്റ ലേഖനങ്ങളെയും ആത്മകഥകളെയും നവോത്ഥാനകാലത്തിന്റെ

മാനവികമൂല്യങ്ങളോട് ബന്ധപ്പെടുത്തി വായിക്കുന്നതിലും ബദ്ധശ്രദ്ധനാണ് കെ.സി. നാരായണനെന്ന് ഈ ലേഖനം സാക്ഷ്യപ്പെടുന്നുണ്ട്.

മലയാളം കണ്ട ഏറ്റവും മികച്ച കാല്പനിക കവികളിലൊരാളായ പി. കുഞ്ഞിരാമൻനായരുടെ പ്രഭാവം മലയാളത്തിൽ എങ്ങനെ തുടരുന്നുവെന്ന് വിശദീകരിക്കുന്ന 'പിയുടെ പില്ക്കാലം' എന്ന ലേഖനമാണ് ഈ പുസ്തകത്തിൽ തുടർന്നുവരുന്നത്. പി യ്ക്കുശേഷം പി എങ്ങനെ ജീവിച്ചു? പുതിയ കവികൾ അദ്ദേഹത്തെ എങ്ങനെ വായിച്ചു? അവരിൽ അദ്ദേഹം എങ്ങനെ തുടർന്നു? എങ്ങിനെയായിരുന്നു പി.യുടെ അനന്തരകാലം? എന്നീ ചോദ്യങ്ങൾക്കുള്ള കെ.സി നാരായണന്റെ ഉത്തരങ്ങളുടെ സമാഹാരമാണ് ഈ ലേഖനം. ആറ്റൂരിന്റെ 'മേഘരൂപൻ' , കെ.ജി. ശങ്കരപിള്ളയുടെ 'കൊച്ചിയിലെ വൃക്ഷങ്ങൾ' , എൻ.എസ്. മാധവന്റെ 'കാർമ്മൻ' , ആർ. രാമചന്ദ്രന്റെ പ്രലോഭനം, 'പരിത്യക്തർ' എന്നീ മികച്ച രചനകളിൽ പിയുടെ സൂക്ഷ്മസാന്നിധ്യം കെ.സി നാരായണൻ കണ്ടെടുക്കുന്നുണ്ട്. മലയാളകവിതയിൽ മാത്രമല്ല മലയാളകഥയിലും പിയുടെ ഭാവനാലോകത്തിന്റെ മൂലകങ്ങൾ ഉണ്ടെന്ന് ഇതിൽ ഭംഗിയായി വിശദീകരിക്കുന്നു. എൻ.എസ്. മാധവന്റെ 'കാർമ്മൻ' എന്ന കഥയെയും പിയുടെ 'കളിയച്ഛൻ എന്ന കവിതയെയും ചേർത്തു വെച്ചപഗ്രഥിക്കുന്നത് പുതിയ ചിന്തകൾക്ക് വഴിയൊരുക്കുന്നുണ്ട്. "ആദ്യമായും മൗലികമായും കലാകാരന്റ വ്യസനങ്ങളെക്കുറിച്ചുള്ള ഒരു കവിതയാണ് 'കളിയച്ഛൻ'. അവന്റെ ഭ്രഷ്ട്, പാപബോധം, ശാപം, മുക്തിക്കായുള്ള കുതറൽ, പരിഹാരങ്ങൾ നിർദ്ദേശിക്കപ്പെടുമ്പോഴും അവ മോക്ഷവാതിലുകളാണോ എന്ന സന്ദേഹം - ഈ വേദനകളെക്കുറിച്ച മലയാളത്തിലുണ്ടായ ഏറ്റവും മലയാളീയമായ ഒരു കവിതയാണ് അത്. കാർമ്മനും കലാകാരന്റെ ഭാഗധേയത്തെക്കുറിച്ചുള്ള ഒരു മലയാളീയ കഥയാണ്. അവന്റെ ഭ്രഷ്ട്, വിനിമയത്തിനായുള്ള വെമ്പൽ, അതിന്റെ അസാധ്യത, ഭാഷയുടെയും ഭാഷയില്ലായ്മയുടെയും രണ്ടു വൻകരകൾ തമ്മിലെ തേടലും പിരിയലും, പ്രവാസത്തിലെ അപമാനവും സ്വയം വീണ്ടെടുക്കുന്നതിലെ ഉന്മാദവും ഇവ കാർമ്മനിലെയും ധാതുക്കളാണ്"5 കാർമ്മൻ എന്ന കഥയും കളിയച്ഛൻ എന്ന കവിതയും തമ്മിലുള്ള പ്രമേയസമാനതയും വൈരുദ്ധ്യങ്ങളും ഒരുപോലെ ഇതിൽ വിശദമാക്കുന്നുണ്ട്. ആർ. രാമചന്ദ്രന്റെ കവിതയിലെ ബിംബവിധാനവും മനുഷ്യരൂപരാഹിത്യ സവിശേഷതകളും അമൂർത്തകല്പനകളും പി. കുഞ്ഞിരാമൻനായരുടെ

കാവ്യപ്രപഞ്ചത്തിന്റെ സ്വഭാവങ്ങൾ തന്നെയാണെന്ന് സ്പഷ്ടമായി രേഖപ്പെടുത്തുന്ന ഒരു ലേഖനമാണ് ഇത്.

ആറ്റൂർ രവിവർമ്മയുടെ കാവ്യലോകത്തിന്റെ അതിസൂക്ഷ്മമായ പഠനമാണ് 'സഹ്യനെക്കാൾ തലപ്പൊക്കം' എന്ന ലേഖനം. ആറ്റൂർക്കവിതയുടെ വികാസപരിണാമങ്ങളെ ആധുനിക ഭാവുകത്വത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുന്ന ഈ ലേഖനം മലയാളകാവ്യവിമർശനചരിത്രത്തിലെ ഒരു സുപ്രധാന പഠനമാണ്. 1950 കളിലാരംഭിക്കുന്ന ആറ്റൂരിന്റെ കാവ്യജീവിതം ആധുനിക ഭാവുകത്വത്തിന്റെ മണ്ഡലത്തിൽ ചെലുത്തിയ ദൂരവ്യാപകമായ സ്വാധീനത കൃത്യമായി വിവരിക്കുവാൻ കെ.സി നാരായണന് സാധിച്ചിട്ടുണ്ട്. ആറ്റൂർ കൃതികളിൽ കാണുന്ന ക്ലാസിക്കൽ താല്പര്യങ്ങളുടെയും ആധുനികതാബോധത്തിന്റെയും മിശ്രസ്വഭാവം ഈ ലേഖനത്തിൽ നിരൂപകൻ എടുത്തുകാണിക്കുന്നുണ്ട്. 1959 ൽ പുറത്തുവന്ന 'നഗരത്തിൽ ഒരു യക്ഷൻ' മുതൽ 1994 ൽ എഴുതിയ 'നാട്ടിൽ പാർക്കാത്ത ഇന്ത്യക്കാരൻ' വരെ വിവിധഘട്ടങ്ങളിലായി പുറത്തുവന്ന കവിതകളെ മുൻനിർത്തിയാണ് ഈ മിശ്രസ്വഭാവം അദ്ദേഹം വിശദീകരിക്കുന്നത്. മധുരം തൊട്ട്, അവൻ ഞാനല്ലോ, മേഘരൂപൻ, നഗരത്തിൽ ഒരു യക്ഷൻ, പേടി, ഭ്രാന്ത്, ഓട്ടോവിൻ പാട്ട്, സംക്രമണം തുടങ്ങിയ വിഖ്യാതകവിതകളെ പഠനവിധേയമാക്കിക്കൊണ്ട് കാലാനുക്രമമായ പരിണാമസ്വഭാവം എന്തെന്ന് അദ്ദേഹം വിശദമാക്കുന്നുണ്ട്. എഴുപതുകളിലെ അസ്വസ്ഥമായ കാലത്തിന്റെ പ്രഭാവം ആറ്റൂരിൽ ചെലുത്തിയ സ്വാധീനത ശരിയായി വിലയിരുത്തുകയും തീക്ഷ്ണമായ ഈ ഭാവുകത്വം പിന്നീട് സൗമ്യതയിലേക്കും താളബോധത്തിലേക്കും വഴിമാറുന്നതായി കണ്ടെത്തുകയും ചെയ്യുന്നു. ക്ലാസിക്കൽ സംഗീതബിംബങ്ങളുടെ സാന്നിദ്ധ്യം, ഘടനാപരമായ തികവ്, കാലത്തിനനുസരിച്ചുള്ള വീക്ഷണം എന്നിങ്ങനെയുള്ള ആറ്റൂർക്കവിതകളുടെ സവിശേഷതകൾ എടുത്തു പറയുകയും ഈ കവിത കടന്നുവന്ന സവിശേഷമായ ഒരു ഘട്ടത്തിന്റെ പ്രത്യേകതകൾ വിശദീകരിക്കുകയും ചെയ്യുന്നുണ്ട് കെ.സി. നാരായണൻ. "അമ്പതുകളിലും അറുപതുകളിലും മലയാളത്തിൽ കോയ്മ കൊണ്ട ഒരു ചങ്ങമ്പുഴശ്ലേഷത്തിന്റെ ഭംഗികളെയും ഭൂഷകളെയും കുറവുകളെയും ഒഴിവാക്കിക്കൊണ്ട്, ചങ്ങമ്പുഴയ്ക്കും മുൻപുള്ള ഒരു മലയാളത്തിൽ നിന്നുമുതിർന്ന് അറുപതുകളിൽ ആധുനികതയെ സന്ധിക്കുകയാണ് ആറ്റൂരിന്റെ കവിതകൾ ചെയ്തത്."6 അർക്കം, പിതൃഗമനം, പാണ്ടി, കര തിര തുടങ്ങിയ ആറ്റൂരിന്റെ മറ്റു കവിതകളെക്കുറിച്ചുള്ള

വിലയിരുത്തലുകളും ഏറെ ശ്രദ്ധേയമാണ്. ദ്രാവിഡവും പ്രാദേശികമായ സ്വത്വമുദ്രകൾ ആറ്റൂർക്കവിതയിൽ എപ്രകാരം കടന്നുവരുന്നുവെന്ന അന്വേഷണത്തിന് ദിശാബോധം നൽകുന്ന കരുത്തുറ്റ പഠനമാണ് ഈ ലേഖനം.

ചെക്ക് വംശജനും വിഖ്യാതഎഴുത്തുകാരനുമായ 'മിലൻ കുന്ദേര'യുടെ വാക്കുകളെ അനുസ്മരിച്ചുകൊണ്ട് ആരംഭിക്കുന്ന 'ഓർമയും മറവിയും' എന്ന പഠനം മലയാളിയുടെ രാത്രികൾ എന്ന വിമർശനഗ്രന്ഥത്തിലെ മികച്ച ലേഖനങ്ങളിലൊന്നാണ്. സി.ആർ. പരമേശ്വരന്റെ 'പ്രകൃതിനിയമം' എന്ന നോവലിന്റെ പ്രമേയപരമായ പ്രത്യേകതകളും രാഷ്ട്രീയവും സാംസ്കാരികവുമായ കാഴ്ചപ്പാടുകളും സൂക്ഷ്മമായി ഇതിൽ വിശകലനം ചെയ്യുന്നു. നോവലിസ്റ്റിന്റെ സാഹിതീയവും സാംസ്കാരികവുമായ ഇടപെടലുകൾ നമ്മുടെ സംസ്കാരചിന്തയിൽ എങ്ങനെ പ്രവർത്തിച്ചുവെന്ന് വിശദീകരിക്കുന്ന ഒരു പഠനമാണിത്. പ്രകൃതിനിയമം എന്ന നോവലിനെ കെ.സി. നാരായണൻ ഇപ്രകാരം അടയാളപ്പെടുത്തുന്നു. "പ്രകൃതിയുടെ ഏതോ ക്രൂരനിയമത്താൽ ഒരു പതിറ്റാണ്ടിന്റെ പീഡകളും ഉത്കണ്ഠകളും മാനസസംഘർഷങ്ങളും ഒത്തുചേർന്ന് ഒരു കഠിനരോഗത്തിന്റെ രൂപത്തിൽ തന്റെ ജീവിതത്തെ ദുർവഹമാക്കുമ്പോഴും, അതിൽ തളരാതെ, പിൻമാറാതെ ശരീരത്തെമാത്രം രോഗത്തിനു വിട്ടുകൊടുത്തുകൊണ്ട്, തന്റെ കാലത്തെ ഒരു ശസ്ത്രക്രിയയിലൂടെ എന്നവണ്ണം പരിശോധിക്കുന്ന ദൗത്യം അദ്ദേഹം ഈ കൃതിയിൽ നിർവഹിച്ചിരിക്കുന്നു. പ്രകൃതിനിയമം ഒരു മനസ്സിന്റെ ഉണർച്ചയാണ്, ഒരു കാലത്തിന്റെ സ്മാരകവുമാണ്."7 ഓർമയും മറവിയും പ്രകൃതിനിയമത്തിൽ എപ്രകാരം സന്നിഹിതമാവുന്നുവെന്ന് തീവ്രമായ വിപ്ലവകാലത്തിന്റെ അവസ്ഥകളോട് ചേർത്തുവെച്ച് പരിശോധിക്കുകയാണ് നിരൂപകൻ ചെയ്യുന്നത്. ഓർമ, സ്വപ്നം, ചരിത്രം, മറവി, ഭരണകൂടത്തിന്റെ അനീതി, രാഷ്ട്രീയസ്വപ്നങ്ങളുടെ ശൈഥില്യം, അധികാരത്തിന്റെ ജീർണത, തിരിഞ്ഞുനോട്ടം എന്നീ മുഖ്യവിഷയങ്ങളിലൂന്നിക്കൊണ്ട് പ്രകൃതിനിയമത്തെ പുതിയവായനയ്ക്ക് വിധേയമാക്കുകയാണ് കെ.സി. നാരായണൻ ചെയ്യുന്നത്. കവിതയും ചെറുകഥയും ഉപന്യാസവും മാറി മാറി പരീക്ഷിച്ച് ഒരു പതിറ്റാണ്ടിന്റെ രൂപാന്വേഷണങ്ങൾ മുഴുവൻ, ആ മാധ്യമങ്ങളുടെ മുഴുവൻ സാധ്യതയും സ്വാംശീകരിച്ച് പ്രകൃതിനിയമത്തിൽ പൂർണ്ണത നേടുന്നുവെന്ന് വ്യക്തമാക്കിക്കൊണ്ട് രൂപഭാവവിമർശനത്തിന്റെ മാർഗ്ഗവും ഈ ലേഖനത്തിലൂടെ കെ.സി.നാരായണൻ സ്വീകരിക്കുന്നുണ്ട്.

കേരളീയസമൂഹത്തിൽ പരിസ്ഥിതിബോധത്തിന്റെ വരവും മലയാളസാഹിത്യമണ്ഡലത്തിൽ തന്മൂലം വന്നുചേർന്ന സൗന്ദര്യശാസ്ത്രപരവും സാമൂഹികവുമായ മാറ്റങ്ങളും വിശദീകരിക്കുന്ന 'വൃക്ഷവും പുകയും' എന്ന ദീർഘമായ ലേഖനം വിമർശകന്റെ യഥാർത്ഥധർമ്മം സംസ്കാരപോഷണമാണെന്ന യാഥാർത്ഥ്യം അടിവരയിടുന്നു. മലയാളനോവലിലും ചെറുകഥയിലും പരിസ്ഥിതിവിചാരം ചെലുത്തിയ കനത്തപ്രഭാവം ഈ ലേഖനത്തിൽ നന്നായി അപഗ്രഥിയ്ക്കപ്പെടുന്നുണ്ട്. ആനന്ദ്, കടമ്മനിട്ട, ഒ.വി വിജയൻ, ആറ്റൂർ, കെ.ജി ശങ്കരപ്പിള്ള, എസ്.കെ പൊറ്റക്കാട്, പി. കുഞ്ഞിരാമൻനായർ, വൈലോപ്പിള്ളി, ഇടശ്ശേരി തുടങ്ങിയ മലയാളസാഹിത്യകാരന്മാരുടെയും റൂസോ, ഹെന്റിതോറോ, റേയ്ച്ചൽ കാഴ്സൺ തുടങ്ങിയ പാശ്ചാത്യസർഗപ്രതിഭകളുടെയും പ്രകൃതിദർശനത്തിന്റെ സാംസ്കാരികമായ പ്രാധാന്യം അവരുടെ കൃതികൾ അപഗ്രഥിച്ച് കെ.സി. നാരായണൻ സ്പഷ്ടമാക്കുന്നുണ്ട്. വികസനത്തിന്റെ പേരിലരങ്ങേറുന്ന പ്രകൃതി നശീകരണത്തോട് മലയാളഭാവന സാർത്ഥകമായി പ്രതികരിച്ചതെങ്ങനെയെന്ന് ഈ ലേഖനം വ്യക്തമാക്കുന്നു. സൈലന്റ് വാലി പദ്ധതിക്കെതിരെയും ചാലിയാറിലെ മലിനീകരണത്തിനെതിരെയും രൂപപ്പെട്ട ജനകീയ പ്രക്ഷോഭം സാഹിത്യഭാവുകത്വത്തെ ഗുണപരമായി സ്വാധീനിച്ചതിന്റെ ഒട്ടേറെ ഉദാഹരണങ്ങൾ ഈ ലേഖനത്തിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. സെമിറ്റിക് മതബോധത്തിൽനിന്ന് വ്യത്യസ്തമായ ഒരു പ്രകൃതിദർശനം ഭാരതത്തിൽ പഴയകാലത്തുതന്നെ സുശക്തമായി നിലനിന്നിരുന്നുവെന്ന് വ്യക്തമായി സ്ഥാപിക്കുകയാണ് കെ.സി. നാരായണൻ. ആധുനികപരിഷ്കാരത്തിന്റെ ഘടനയ്ക്കകത്ത്, അതിന്റെ പ്രകൃതി വീക്ഷണത്തോടുള്ള പ്രതിബോധമായി ഈ പരിസ്ഥിതിബോധം പ്രവർത്തിക്കുന്നുവെന്നും ഈ മാറ്റം ഒരു ബദൽജീവിതദർശനം തന്നെയാണെന്നും അദ്ദേഹം പ്രഖ്യാപിക്കുന്നുണ്ട്. ഇതിഹാസ സൂചനകൾ വഴിയാണ് ഇത് മിക്കവാറും സാധിച്ചെടുത്തിട്ടുള്ളത്. പ്രകൃതിയിൽനിന്നുള്ള അന്യവത്കരണം, പ്രകൃതിക്ക് മേലുള്ള അധിനിവേശം തുടങ്ങിയ വിഷയങ്ങൾ ഈ ലേഖനത്തിൽ ചർച്ച ചെയ്യുന്നുണ്ട്. മലയാളത്തിലെ ഏതാനും മികച്ച സാഹിത്യരചനകളെ ഈ വീക്ഷണത്തിന്റെ അടിത്തറയിൽനിന്നുകൊണ്ട് പുനർവായിക്കുകയും ചെയ്യുന്നുണ്ട് കെ.സി. നാരായണൻ. "അടിസ്ഥാനപരമായ ചില പ്രകൃതിധാതുക്കളെ മൂലരൂപകങ്ങളാക്കിക്കൊണ്ട് പുതിയൊരു കല്പനാരീതിയിൽ ജീവിതത്തിന്റെ വർത്തമാനവ്യസനങ്ങളെ എഴുതുവാൻ ആരംഭിച്ചു എന്നതാണ് മലയാളത്തിലെ എഴുത്തിൽ സമീപകാലത്തു സംഭവിച്ച ഒരു

പ്രധാനപ്പെട്ട പരിണാമം."8 പുതിയ ചരിത്രബോധവും നീതിബോധവും പ്രകൃതിബോധവും ഉൾക്കൊണ്ട ഒരു നിരൂപകന്റെ പരിസ്ഥിതിവിചാരമാതൃകയാണ് ഈ ലേഖനം.

'മലയാളിയുടെ രാത്രികൾ' എന്ന ലേഖനം അപൂർവമായ നിരീക്ഷണങ്ങളെക്കൊണ്ട് സമ്പന്നമാണ്. ഇരുട്ടിന്റെ സൗന്ദര്യശാസ്ത്രം കഥകളിയിൽ എങ്ങനെ പ്രത്യക്ഷപ്പെടുന്നുവെന്ന അന്വേഷണത്തിനാണ് ഈ ലേഖനത്തിൽ കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളത്. ആസുരപ്രകൃതികളായ കഥാപാത്രങ്ങൾക്ക് കഥകളിയിൽ ലഭിക്കുന്ന അനിതരസാധാരണമായ പ്രാധാന്യത്തിന്റെ കാര്യകാരണങ്ങളന്വേഷിക്കുന്ന ഈ ലേഖനം കലാനിരൂപണചരിത്രത്തിലെ ഒരു വൻകുതിപ്പാണ്. സി.എൻ. ശ്രീകണ്ഠൻ നായരുടെ 'ലങ്കാലക്ഷ്മി' എന്ന പ്രസിദ്ധനാടകത്തിലും പ്രതിനായകനാണ് പ്രാധാന്യം കൈവരുന്നത്. സി.വി. രാമൻപിള്ളയുടെ പ്രതിനായക കഥാപാത്രങ്ങളുടെ ഗാംഭീര്യവും അതിന് കരുത്തേകിയ കഥകളി സംസ്കാരവും ഓണസങ്കല്പത്തിലുൾച്ചേർന്ന അടിച്ചമർത്തപ്പെട്ടവന്റെ മടങ്ങിവരവും എടുത്തുകാട്ടിക്കൊണ്ട് രാത്രിയുടെ സന്ദർഭം ഗംഭീരമായ കലാവിചാരമായി പരിണമിക്കുന്നത് നിരൂപകൻ കൃത്യമായി ചൂണ്ടിക്കാട്ടുന്നു. ബ്രാഹ്മണിക്കൽ അധികാരഘടനയോടുള്ള സാംസ്കാരിക പ്രതിരോധമായി, പ്രതിനായകകഥാപാത്രങ്ങൾക്ക് കൈവരുന്ന പ്രാധാന്യം സൂചിപ്പിച്ചുകൊണ്ട് ഈ കലാവിചാരത്തെ അദ്ദേഹം ഉയർത്തിക്കാട്ടുന്നുണ്ട്. മലയാളിയുടെ താളപാരമ്പര്യത്തിന്റെ വൈവിധ്യങ്ങളും സാംസ്കാരികമായ സവിശേഷതകളും അതിനു കാരണമായ സാമൂഹിക സാംസ്കാരിക സാഹചര്യങ്ങളും ദേശസ്വാധീനതയും ആഴത്തിൽ അപഗ്രഥിക്കുന്ന 'താളത്തിന്റെ ഗോപുരങ്ങൾ' എന്ന ലേഖനം മലയാളകലാവിമർശനചരിത്രത്തിലെ ഒരു മികച്ച പഠനമാണ്. വാദ്യകലാപാരമ്പര്യത്തെ കേരളീയതയുമായി ഇണക്കിക്കാട്ടുന്ന 'കറുത്തചെട്ടിച്ചികൾ' എന്ന ലേഖനവും കേരളീയ ചിന്തകളാൽ സമ്പന്നമാണ്.

ഏകതാനമായ വീക്ഷണങ്ങളെ ചെറുക്കുന്ന സംവാദോന്മുഖമായ ഘടനയാണ് 'മലയാളിയുടെ രാത്രികൾ' എന്ന ഈ വിമർശനഗ്രന്ഥത്തിന്റെ എടുത്തു പറയേണ്ട ഒരു സവിശേഷത. കലർപ്പില്ലാത്ത സഹൃദയത്വത്തിന്റെയും തികഞ്ഞ പാണ്ഡിത്യത്തിന്റെയും സംയോഗഫലമാണ് ഈ ഘടന. രാഷ്ട്രീയം, ചരിത്രം, കവിത, ശില്പകല, നോവൽ, താളസംസ്കാരം, പരിസ്ഥിതിദർശനം, ദൃശ്യകല തുടങ്ങിയ വിഭിന്ന മേഖലകളിൽ നടത്തുന്ന

മൗലിക നിരീക്ഷണങ്ങളാണ് കെ.സി. നാരായണന്റെ ഈ ഗ്രന്ഥത്തിലുള്ളത്. ആശയവിനിമയക്ഷമതയാർന്ന വിമർശനഭാഷയിലൂടെ ചിന്താപരമായ സ്വാതന്ത്ര്യത്തോടെ സാംസ്കാരികവിമർശനമണ്ഡലത്തിൽ ഇടപെടാൻ സാധിക്കുമെന്ന് 'മലയാളിയുടെ രാത്രികൾ' പ്രഖ്യാപിക്കുന്നു. മലയാളവിമർശനത്തിന്റെ മുന്നോട്ടുള്ള കുതിപ്പിന് വലിയതോതിൽ ഊർജ്ജം പകരാൻ ഈ കൃതിക്ക് കഴിയുമെന്ന് നിസ്സംശയം പറയാം.

**അടിക്കുറിപ്പുകൾ**

1. മലയാളിയുടെ രാത്രികൾ, കെ.സി. നാരായണൻ, ഡി.സി. ബുക്സ്, കോട്ടയം 2001, പുറം 7
2. അതേ പുസ്തകം, പുറം 8
3. അതേ പുസ്തകം, പുറം 9
4. അതേ പുസ്തകം, പുറം 16
5. അതേ പുസ്തകം, പുറം 37-38
6. അതേ പുസ്തകം, പുറം 45
7. അതേ പുസ്തകം, പുറം 75
8. അതേ പുസ്തകം, പുറം 108.

**പ്രബന്ധസംഗ്രഹം**

പ്രശസ്ത നിരൂപകനായ കെ.സി. നാരായണന്റെ ശ്രദ്ധേയങ്ങളായ മൂന്നു പുസ്തകങ്ങളാണ് ബലിയപാലിന്റെ പാഠങ്ങൾ, മലയാളിയുടെ രാത്രികൾ, മഹാഭാരതം ഒരു സ്വതന്ത്ര സോഫ്റ്റ്‌വെയർ എന്നിവ. മലയാളസാഹിത്യവിമർശനരംഗത്ത് കെ.സി. നാരായണൻ എന്ന നിരൂപകന്റെ സ്ഥാനം ഉറപ്പിച്ചത് 'മലയാളിയുടെ രാത്രികൾ' എന്ന വിമർശനഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തോടെയാണ്. ഒൻപതു മികച്ച ലേഖനങ്ങളുടെ സമാഹാരമായ ഈ കൃതിയ്ക്ക് 2003 ൽ കേരളസാഹിത്യഅക്കാദമി പുരസ്കാരം ലഭിച്ചു. സംസ്കാരവിമർശനത്തിന്റെയും കലാവിമർശനത്തിന്റെയും തലങ്ങളിലേയ്ക്ക് വായനക്കാരെ നയിക്കാൻ തികച്ചും പര്യാപ്തങ്ങളാണ് ഈ ഒൻപതു ലേഖനങ്ങളും. വിമർശകന്റെ അതിവിപുലമായ

ഗ്രന്ഥപരിചയവും നിരന്തരമായ കലാസ്വാദനത്തിലൂടെ നേടിയെടുത്ത സാംസ്കാരികാഭ്യുന്നതിയും ഈ ഗ്രന്ഥത്തിലുടനീളം അനുഭവവേദ്യമാണ്.

നോവലിസ്റ്റും ചെറുകഥാകൃത്തുമായ ആനന്ദിന്റെ ശില്പകലാവൈദഗ്ധ്യത്തെ സൂക്ഷ്മമായി തുറന്നുകാട്ടുന്നതാണ് ഈ പുസ്തകത്തിലെ ആദ്യലേഖനമായ 'മണ്ണ്'. ശില്പി എന്ന നിലയിൽ ആനന്ദിന്റെ സർഗ്ഗാത്മകതയെ ഈ ലേഖനം കൃത്യമായി അടയാളപ്പെടുത്തുന്നു. ആനന്ദിന്റെ സാഹിത്യകലയുടെയും ശില്പകലയുടെയും പരസ്പരാശ്രിതമായ ഘടകങ്ങളെ ശരിയായരീതിയിൽ അദ്ദേഹം ചേർത്തു പഠിക്കുന്നുണ്ട്. 'വി.ടി. യുടെ സമ്പൂർണ്ണകൃതികൾ' എന്ന പുസ്തകത്തിന് കെ.സി. നാരായണൻ എഴുതിയ അവതാരികയാണ് 'വേരുണങ്ങാത്ത വാക്ക്.' പുരുഷന്റെ നേതൃത്വത്തിൽ നടന്ന സ്ത്രീവിമോചനപ്രസ്ഥാനമെന്നാണ് വി.ടി.യുടെ നവോത്ഥാനപ്രസ്ഥാനത്തെ ഇദ്ദേഹം വിശേഷിപ്പിക്കുന്നത്. വി.ടി.യുടെ ആശയങ്ങളെയും നിലപാടുകളെയും ചരിത്രപരമായ സത്യസന്ധതയോടെയും വസ്തുനിഷ്ഠമായും വിവരിക്കുന്ന ലേഖനമാണിത്.

മലയാളത്തിലെ മികച്ച കാല്പനികകവികളിലൊരാളായ പി. കുഞ്ഞിരാമൻ നായരുടെ പ്രഭാവം മലയാളത്തിൽ എങ്ങനെ തുടരുന്നുവെന്ന് വിശദമാക്കുന്ന ലേഖനമാണ് 'പിയുടെ പില്ക്കാലം'. മലയാളകവിതയിൽ മാത്രമല്ല, മലയാളകഥയിലും പിയുടെ ഭാവനാലോകത്തിന്റെ അംശങ്ങളുണ്ടെന്ന് കെ.സി. നാരായണൻ ചൂണ്ടിക്കാട്ടുന്നു. ആറ്റൂർ രവിവർമ്മയുടെ കാവ്യലോകത്തിന്റെ സൂക്ഷ്മമായ പഠനമാണ് 'സഹ്യനെക്കാൾ തലപ്പൊക്കം' എന്ന ലേഖനം. ആറ്റൂർക്കവിതയുടെ വികാസപരിണാമങ്ങളെ ആധുനികഭാവുകത്വത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുകയാണ് ഈ ലേഖനം. ഈ കവിതകളിൽ പ്രകടമായി കാണുന്ന ക്ലാസിക്കൽ താല്പര്യത്തിന്റെയും ആധുനികതാബോധത്തിന്റെയും മിശ്രസ്വഭാവം നിരൂപകൻ എടുത്തുകാണിക്കുന്നുണ്ട്. ദ്രാവിഡവും പ്രാദേശികവുമായ സ്വത്വമുദ്രകൾ ആറ്റൂർക്കവിതയിൽ എപ്രകാരം കടന്നുവരുന്നുവെന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്.

ചെക്ക് വംശജനായ 'മിലൻ കുന്ദേര'യുടെ വാക്കുകളുദ്ധരിച്ചുകൊണ്ട് ആരംഭിക്കുന്ന 'ഓർമയും മറവിയും' എന്ന ലേഖനം സി.ആർ. പരമേശ്വരന്റെ 'പ്രകൃതിനിയമം' എന്ന നോവലിന്റെ സൂക്ഷ്മമായ പഠനമാണ്. ഓർമയും മറവിയും പ്രകൃതിനിയമത്തിൽ എപ്രകാരം

സന്നിഹിതമാകുന്നവെന്ന് വിപ്ലവകാലാവസ്ഥകളോടു ചേർത്തുവെച്ച് പരിശോധിക്കുകയാണ് നിരൂപകൻ. കേരളീയസമൂഹത്തിൽ പരിസ്ഥിതിബോധത്തിന്റെ വരവും സാഹിത്യമണ്ഡലത്തിൽ തന്മൂലം വന്നുചേർന്ന സൗന്ദര്യശാസ്ത്രപരമായ മാറ്റങ്ങളും വിശദീകരിക്കുന്ന ലേഖനമാണ് 'വൃക്ഷവും പുകയും'. മലയാളസാഹിത്യത്തിൽ പരിസ്ഥിതിവിചാരം ചെലുത്തിയ ശക്തമായ പ്രഭാവത്തെക്കുറിച്ച് ഇതിൽ സൂക്ഷ്മമായി അപഗ്രഥിക്കുന്നുണ്ട്. കൂടാതെ മലയാളത്തിലെ ഏതാനും മികച്ച സാഹിത്യകൃതികളെ പരിസ്ഥിതിദർശനത്തിന്റെ കാഴ്ചപ്പാടിൽ പുനർവായിക്കുവാനും കെ.സി. നാരായണൻ ശ്രമിക്കുന്നുണ്ട്.

അപൂർവ്വമായ നിരീക്ഷണങ്ങളെക്കൊണ്ടു സമ്പന്നമാണ് 'മലയാളികളുടെ രാത്രികൾ' എന്ന ലേഖനം. ഇരുട്ടിന്റെ സൗന്ദര്യശാസ്ത്രം കഥകളിയിലെങ്ങനെ പ്രത്യക്ഷപ്പെടുന്നുവെന്ന അന്വേഷണത്തിനാണ് ഇതിൽ കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളത്. ആസുരപ്രകൃതികളായ കഥാപാത്രങ്ങൾക്ക് കഥകളിയിൽ ലഭിക്കുന്ന വലിയ പ്രാധാന്യത്തെക്കുറിച്ചന്വേഷിക്കുന്ന ഒരു പഠനംകൂടിയാണിത്. മലയാളിയുടെ താളപാരമ്പര്യത്തിന്റെ സവിശേഷതകളും അതിനു കാരണമായ സാഹചര്യങ്ങളും ദേശസ്വാധീനതയും ആഴത്തിൽ അപഗ്രഥിക്കുന്ന ലേഖനമാണ് താളത്തിന്റെ ഗോപുരങ്ങൾ. മലയാളകലാവിമർശനചരിത്രത്തിലെ മികച്ച ഒരു പഠനമാണിത്. വാദ്യകലാപാരമ്പര്യത്തെ കേരളീയതയുമായി ഇണക്കിച്ചേർക്കുന്ന 'കറുത്ത ചെട്ടിച്ചികൾ' എന്ന ലേഖനവും കേരളീയചിന്തകളാൽ സമ്പന്നമാണ്.

**സഹായകഗ്രന്ഥങ്ങൾ**

1. ആർ. വിശ്വനാഥന്റെ ലേഖനങ്ങൾ സമാഹരണം. ഡോ. സി. രാജേന്ദ്രൻ, തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, 2017
2. ഉണ്ണികൃഷ്ണൻ, എ.എം. നവീനോത്തരനിരൂപണം, കോട്ടയം: കറന്റ് ബുക്സ്, 2015.
3. നാരായണൻ, കെ.സി. ബലിയപാലിന്റെ പാഠങ്ങൾ. തൃശ്ശൂർ: പാഠഭേദം, 1990.
4. നാരായണൻ, കെ.സി. മലയാളിയുടെ രാത്രികൾ. കോട്ടയം: ഡി സി. ബുക്സ്, 2001.

5. നാരായണൻ, കെ.സി. മഹാഭാരതം ഒരു സ്വതന്ത്ര സോഫ്റ്റ്‌വെയർ. കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2021.

6. സുനിൽ, പി. ഇളയിടം. അജ്ഞാതവുമായുള്ള അഭിമുഖങ്ങൾ. കോട്ടയം: സാഹിത്യപ്രവർത്തകസഹകരണ സംഘം, 2011.

7. സാം, എൻ (പ്രസാ.), സമകാലമലയാളസാഹിത്യം. കോട്ടയം: കറന്റ് ബുക്സ്, 2014.